**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 340** **07-10-2024 - ൽ മറുപടിയ്ക്ക്**

**കക്കൂസ് മാലിന്യം ശാസ്ത്രീമായി സംസ്കരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കക്കൂസ് മാലിന്യം ജലാശയങ്ങളിലും പാടശേഖരങ്ങളിലും തള്ളുന്നത് സംബന്ധിച്ച പരാതികൾക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിയ്ക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2024 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം സെക്ഷൻ 219 എസ്, 2024 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമം സെക്ഷൻ 340 എ എന്നിവ പ്രകാരം യാതൊരാളും പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ ജലസ്രോതസ്സിലോ മാലിന്യമോ ചവറോ വിസർജ്ജ്യ വസ്തുക്കളോ വലിച്ചെറിയുകയോ തള്ളുകയോ അതിലേക്ക് മലിനജലം ഒഴുക്കുകയോ ചെയ്യുന്ന ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. ടി കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും അൻപതിനായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചു വരുന്നു. ജലാശയങ്ങളിൽ ചവറോ, മാലിന്യമോ, കക്കൂസ് മാലിന്യമോ ഒഴുക്കിവിടൽ എന്നീ കുറ്റകൃത്യങ്ങൾക്ക് എതിരായി 2024 ഏപ്രിൽ മാസം മുതൽ ഓഗസ്റ്റ് മാസം വരെ നഗരസഭകൾ അകെ 179 നിയമലംഘനങ്ങളും ഗ്രാമ പഞ്ചായത്തുകൾ ആകെ 526 നിയമ ലംഘനങ്ങളും കണ്ടെത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കക്കൂസ് മാലിന്യം ശാസ്ത്രീമായി സംസ്കരിക്കുന്നതിന് സർക്കാർ/സ്വകാര്യ തലത്തിൽ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നയം രൂപീകരിക്കുമോ? | (ബി) | കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നിലവിൽ പ്രവർത്തനക്ഷമമായ 4 പ്ലാന്റുകൾ ഉണ്ട്. കൂടാതെ 40 പ്ലാന്റുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ